# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com

## STD V

പാഠം 2

## അബ്രാഹത്തിന്റെ വിളി

ഭാഗം 1

1. വിശ്വാസജീവിതത്തിന്റെ ഉത്തമ മാതൃക ആരാണ്?
അബ്രാഹം

2. അബ്രാഹത്തിന്റെ ആദ്യത്തെ പേരെന്ത്?
അബ്രാം

3. ഏത് നൂറ്റാണ്ടിലാണ് അബ്രാഹം ജീവിച്ചിരുന്നത്
ബി.സി 19-ാം നൂറ്റാണ്ടിൽ

4. അബ്രാഹത്തിന്റെ കുലത്തൊഴിൽ എന്തയിരുന്നു?
കാലിവളർത്തൽ

5. അബ്രാഹത്തിന്റെ ജീവിതകഥ ബൈബിളിലെ ഏത് പുസ്തകത്തിലാണ് വിവരിക്കുന്നത്?
ഉൽപത്തി പുസ്തകത്തിൽ

6. അബ്രാഹം ജനതകളുടെ പിതാവായതെങ്ങനെ?
അബ്രാഹം ദൈവകല്പന അനുസരിച്ച് ഏകമകൻ ഇസഹാക്കിനെ ദഹനബലിയർപ്പിക്കാൻ പുറപ്പെട്ടു. ദൈവത്തിന്റെ ഈ പരീക്ഷണത്തിൽ വിജയിച്ച അബ്രാഹത്തിൽ ദൈവം സംപ്രീതനായി. അങ്ങനെ ലോകം മുഴുവൻ രക്ഷിക്കാനുള്ള ദൈവികപദ്ധതിയിൽ സഹകരിച്ച അബ്രാഹം ജനതകളുടെ പിതാവായി.

7. എന്തിന്റെ പ്രതീകമായിട്ടാണ് അബ്രാം എന്ന പേര് ദൈവം മാറ്റിയത്?
ദൈവം അബ്രാഹവുമായി ഉടമ്പടി സ്ഥാപിച്ചതിനാൽ ദൈവസന്നിധിയിൽ അബ്രാഹത്തിന് വലിയ ഉത്തരവാദിത്വം കൈവന്നതിന്റെ പ്രതീകമായിട്ടാണ് പേര് മാറ്റിയത്.

8. ഈ നാട്, നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും എന്ന് കർത്താവ് അബ്രാമിനു പ്രത്യക്ഷപ്പെട്ടു പറഞ്ഞത് എവിടെ വച്ചാണ്?
കാനാൻ ദേശത്ത് ഷെക്കെമിൽ മോറെയുടെ ഓക്കുമരത്തിന്റെ ചുവട്ടിൽ വച്ചാണ്.

9. അബ്രാഹമിന് ഭാര്യയായ സാറായിൽ നിന്ന് ഒരു പുത്രൻ ജനിക്കുമെന്ന് അറിയിച്ചത് ആരാണ്? എവിടെയാണ്?
അബ്രാഹം കാനാൻ ദേശത്തുള്ള മാമ്രേ താഴ്‌വരയിൽ താമസിക്കുമ്പോൾ മൂന്ന് ദൈവദൂതന്മാർ പ്രത്യക്ഷപ്പെട്ടാണ് ഇത് അറിയിച്ചത്.

10. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും. (പഠിച്ചതിന്റെ വെളിച്ചത്തിൽ സ്വയം കണ്ടെത്തുക.)